പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 342 — 26.06.2012-ൽ മറുപടിയ്ക്ക്

**പൊതുജനങ്ങളുടെ സഹായത്തോടെ സാമൂഹ്യവനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, എം. പി. വിൻസെന്റ്<br>" ബെന്നി ബെഹനാൻ<br>" എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | പൊതു ജനങ്ങളുടെ സഹായത്തോടെ സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കുന്നതിനുള്ള പ്രധാന പദ്ധതികൾ ഏതെല്ലാം ; | എ) | സോഷ്യൽ ഫോറസ്ട്രി വിഭാഗം പൊതുജനങ്ങളുടെ സഹകരണത്തോടെ 'ഹരിതകേരളം' എന്ന ബൃഹത്തായ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കി വരുന്ന വൃക്ഷവൽക്കരണ പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മത, യുവജന രാഷ്ട്രീയ സംഘടനകൾ, പത്ര സ്ഥാപനങ്ങൾ എന്നിവർ മുഖേനയുള്ള വൃക്ഷ വത്ക്കരണ പദ്ധതിയും, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ മുതലായ ഉപ പദ്ധതികളും ഉൾപ്പെടുന്നു. |
| ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;വിശദമാക്കുമോ ? | ബി) | ഉണ്ട്. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ അതിജീവനം എല്ലാ വർഷവും സാമ്പിൾ സർവ്വേ നടത്തി കണ്ടെത്തുന്നുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ പദ്ധതി പ്രദേശങ്ങളിൽ പരിശോധന നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. ഇത് കൂടാതെ വനം വകുപ്പാസ്ഥാനത്ത് എല്ലാ മാസവും ഉദ്യോഗസ്ഥതല യോഗം ചേർന്ന് ഹരിത കേരളം, പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. ഇതുവരെയുള്ള വിലയിരുത്തലിൽ ഈ പദ്ധതി വിജയകരമാണെന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ